**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 230** **05-12-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഈ സർക്കാർ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളുമാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | പുതുക്കാട് താലൂക്കാശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ഒ.പി, ഐ.പി, ഡയാലിസിസ് (8 ബെഡ്), കുട്ടികളുടെ ഒ.പി, ഗൈനക്കോളജി ഒ.പി, മൈനർ ഗൈനക്കോളജി, പ്രൊസ്തീജിയേസ്റ്റ് ഡെന്റൽ യൂണിറ്റ്, എക്സ്റേ, ലാബ്, ഫാർമസി, പോസ്റ്റ്മോർട്ടം, പാലിയേറ്റീവ് കെയർ, ഇമ്മ്യൂണൈസേഷൻ, Out reach immunization Covid Testing, Covid Vacccination, IUD insertion എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br><br>ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി 3 സ്റ്റാഫ് നഴ്സിന്റെയും ഒരു ക്ലാർക്കിന്റെയും 2 ലാബ് ടെക്നീഷ്യന്റേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>ഡോക്ടർമാരുൾപ്പെടെ 50 ജീവനക്കാരുടെ തസ്തികകളാണ് ഈ ആശുപത്രിയിൽ നിലവിലുള്ളത്. ആശുപത്രിയിൽ 8 കിടക്കകളോട്ടുകൂടിയ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ആഴ്ചയിൽ 2 ദിവസം നടത്തിയിരുന്ന ഗൈനക്കോളജി ഒ.പി ആഴ്ചയിൽ 6 ദിവസമായി ഉയർത്തി. പ്രവർത്തനരഹിതമായിരുന്ന ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | ഐസോലേഷൻ വാർഡിന്റെ നിർമ്മാണ ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി പ്രസ്തുത ആശുപത്രിയിലെ ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തി ചെയ്തു വരുന്നു. നിലവിൽ ഫൗണ്ടേഷൻ വർക്ക് നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ